NEWS

## അയൽവാസി പീഡിപ്പിച്ച യുവതി ജീവനൊടുക്കി

ലുധിയാന: അയൽവാസി ലൈംഗിമായി പീഡിപ്പിച്ച ഇരുപത്തിമൂന്നുകാരി ജീവനൊടുക്കി. ലുധിയാനയ്ക്കു സമീപം കഴിഞ്ഞദിവസമായിരുന്നു സംഭവം.

പ്രതിയായ ഇരുപത്തിരണ്ടുകാരനെ പൊലീസ് അറസ്റ്റുചെയ്തു. ഇയാൾ സ്വകാര്യ ഫാക്ടറി ജീവനക്കാരനാണ്. വിവാഹിതയാണ് യുവതി.

വീട്ടിൽ മറ്റാരുമില്ലാതിരുന്ന സമയത്തായിരുന്നു ആത്മഹത്യ. സംഭവത്തെക്കുറിച്ച് പൊലീസ് കൂടുതൽ അന്വേഷണമാരംഭിച്ചു.



ഹങ്കറിയിലെ ബുഡാപെസ്റ്റിൽ നടക്കുന്ന മുപ്പത്തിമൂന്നാമത് യൂറോപ്യൻ റിഥമിക് ജിംനാസ്റ്റിക് ചാമ്പ്യൻഷിപ്പിൽ ഇറ്റാലിയൻ താരത്തിന്റെ പ്രകടനം

# അച്ഛൻ പീഡിപ്പിച്ച കുഞ്ഞിനെ അമ്മൂമ്മ കൊന്ന് കുഴിച്ചുമൂടി

നാസിക്: അച്ഛൻ പീഡിപ്പിച്ച അഞ്ച് വയസുകാരിയെ അമ്മൂമ്മ കൊന്ന് കുഴിച്ചുമൂടി. മഹാരാഷ്ട്രയിലെ നാസിക് ജില്ലയിലെ ജവ്വലാക് വാനി ഗ്രാമത്തിലായിരുന്നു കൊടുംക്രൂരത. അച്ഛൻ സച്ചിൻ ഷിൻഡ, അമ്മൂമ്മ അനസൂയ എന്നിവരെ പൊലീസ് അറസ്റ്റ് ചെയ്തു.

വീട്ടിൽവച്ചാണ് ഷിൻഡെ മകളെ പീഡിപ്പിച്ചത്.

ഈ സമയം കുട്ടിയുടെ അമ്മ സ്ഥലത്തുണ്ടായിരുന്നില്ല. പീഡനത്തിന് സാക്ഷിയായ അനസൂയ മകനെ രക്ഷിക്കുന്നതിന് വേണ്ടി കുഞ്ഞിനെ കൊലപ്പെടുത്തുകയായിരുന്നുവെന്നാണ് പൊലീസ് പറയുന്നത്. ആരെയും അറിയിക്കാതെ അനസൂയ തന്നെ മൃതദേഹം അടുത്തുള്ള സ്കൂൾ വളപ്പിൽ മറവുചെയ്തു.

കുഞ്ഞിനെ കാണാനില്ലെന്നു കാട്ടി ഇവർ പൊലീസിൽ പരാതിയും നൽകി. ഇവരുടെ പെരുമാറ്റത്തിൽ സംശയംതോന്നിയ പൊലീസ് നടത്തിയ പരിശോധനയിൽ മൃതദേഹം കണ്ടെത്തി. ഇരുവരെയും വിശദമായി ചോദ്യംചെയ്തതോടെ എല്ലാം ഏറ്റുപറഞ്ഞു.

# നമസ്കാരം പറഞ്ഞ് മോഷണം: നാലുപേർ പിടിയിൽ

ന്യൂഡൽഹി: ഇരകളുടെ മുന്നിലെത്തി നമസ്കാരം പറഞ്ഞശേഷം മോഷണം നടത്തുന്ന നാലുപേരെ ഡൽഹി പൊലീസ് അറസ്റ്റുചെയ്തു. നമസ്തേ ഗ്യാങ് എന്നാണ് ഇവർ അറിയപ്പെട്ടിരുന്നത്. നൂറിലേറെ കേസുകളിൽ പ്രതികളാണ് പിടിയിലായതെന്നാണ് പൊലീസ് പറയുന്നത്.

ഇതുവരെ കേൾക്കാത്ത രീതിയിലുള്ള മോഷണ ശൈലിയാണ് സംഘത്തിന്റേത്. ഒറ്റയ്ക്ക് കാറിലും ഇരുചക്രവാഹനങ്ങളിലും യാത്രചെയ്യുന്നവരാണ് പ്രധാന ഇരകൾ. ഇരുചക്ര വാഹനത്തിൽ ഇരകളുടെ വാഹനങ്ങളുടെ അടുത്തെത്തുന്ന ഇവരിൽ ഒരാൾ ഡ്രൈവർക്ക് നമസ്കാരം പറയും. ഡ്രൈവർ വാഹനത്തിന്റെ വേഗത കുറയ്ക്കുന്നതോടെ സംഘം ചേർന്ന് ആക്രമിച്ച് തോക്കുചൂണ്ടി ഭീഷണിപ്പെടുത്തി വിലപിടിച്ചതെല്ലാം കവരുന്നതായിരുന്നു രീതി.

രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ തന്ത്രപൂർവമാണ് പൊലീസ് ഇവരെ പൊക്കിയത്. പിടിയിലാകുമെന്ന് ഉറപ്പായപ്പോൾ സ്കൂട്ടറുകൾക്ക് തീവച്ചു രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല.

ജെഡി എന്നറിയപ്പെടുന്ന ജാവേദ് മാലിക്കാണ് സംഘത്തിന്റെ നേതാവ്. നേരത്തെ ചൈനീസ് മൊബൈലുകളും കാമറകളും വിൽപ്പനനടത്തിയിരുന്ന ഇയാൾ പിന്നീടാണ് കവർച്ചാസംഘത്തിന് രൂപംനൽകിയത്.



പൊലീസ് അറസ്റ്റുചെയ്ത സംഘാംഗങ്ങൾ

# വിശപ്പുസഹിക്കാനാവാതെ ഭക്ഷണം മോഷ്ടിച്ച കുട്ടികളെ നഗ്നരാക്കി

## ക്രൂരതചെയ്തത് കടയുടമയും മക്കളും

മുംബയ്: വിശപ്പുസഹിക്കാനാവാതെ കടയിൽ നിന്ന് ആഹാരം മോഷ്ടിച്ച്കഴിച്ച കുട്ടികളെ കടക്കാരനും മക്കളും ചേർന്ന് തലമൊട്ടയടിച്ച് നഗ്നരാക്കി.

മുംബയ്ക്കു സമീപത്തായിരുന്നു സംഭവം. കടയുടമയെയും മക്കളെയും പൊലീസ് അറസ്റ്റുചെയ്തു. ഇവരുടെ അയൽവാസികളാണ് ക്രൂരതയ്ക്ക് ഇരയായ കുട്ടികൾ. സംഭവത്തിന്റെ വീഡിയോദൃശ്യങ്ങൾ പുറത്തുവന്നതോടെ പൊലീസ് കേസെടുക്കുകയായിരുന്നു.

നിസ്സാരവിലയുള്ള പാക്കറ്റ് ഭക്ഷണമാണ് കുട്ടികൾ മോഷ്ടിച്ചത്. വിശപ്പുസഹിക്കാനാവാതെയാണ് ഭക്ഷണം എടുത്തതെന്നാണ് ഇരുവരും പറയുന്നത്.

കരഞ്ഞുപറഞ്ഞെങ്കിലും കടയുടമയും മക്കളും അതൊന്നും കേട്ടില്ല.

ഇവരുടെ തലമൊട്ടയടിച്ച് ചെരുപ്പ് മാലയണിയിച്ച് തെരുവിലൂടെ നടത്തിക്കുകയായിരുന്നു. ദൃക്സാക്ഷിയാണ് വീഡിയോ പകർത്തി നെറ്റിലിട്ടത്.

## തോക്കുമോഷ്ടിച്ച പൊലീസുകാരൻ ഭീകരസംഘടനയിൽ ചേർന്നു

ശ്രീനഗർ: ജമ്മുകാശ്മീരിൽ മോഷ്ടിച്ച തോക്കുകളുമായി പൊലീസുകാരൻ തങ്ങളുടെ സംഘടനയിൽ ചേർന്നതായി ഹിസ്ബുൾ മുജാഹിദീൻ തീവ്രവാദികൾ അവകാശപ്പെട്ടു.

മൂന്ന് സഹപ്രവർത്തകരുടെ തോക്കുകൾ തട്ടിയെടുത്തശേഷമായിരുന്നു സയ്യദ് നവീദ് മുഷ്താഖ് ഷാ മുജാഹിദീൻ എന്നപൊലീസുകാരൻ നേതാക്കളെ കണ്ടതെന്ന് സംഘടനയുടെ വക്താവ് ബുർഹാനുദ്ദീൻ പറഞ്ഞു. ഷായെ പോലുള്ള നിരവധി പേർ ഇനിയും സംഘത്തിൽ ചേരാൻ കാത്തിരിക്കുകയാണെന്നും ബുർഹാനുദ്ദീൻ അവകാശപ്പെട്ടു.

ശനിയാഴ്ചയാണ് ബുഡ്ഗാം ജില്ലയിലെ ചന്ദ്പോര ഗ്രാമത്തിൽ നിന്ന് സഹപ്രവർത്തകരുടെ തോക്കുകളുമായി നവീദ് ഷാ മുങ്ങിയത്.

അതേസമയം, ഷായെ കണ്ടെത്താൻ അന്വേഷണം ഊർജിതമാക്കിയതായി പൊലീസ് പറഞ്ഞു.



സൂസിയുടെ പുറത്തുവന്ന ചിത്രങ്ങളിലൊന്ന്

# ഞങ്ങൾ അതൊരു സംഭവമാക്കും

## പിൻഭാഗസുന്ദരിയുടെ ചിത്രങ്ങൾ പുറത്ത്

മോസ്കോ: അടുത്ത വർഷം നടക്കുന്ന ഫുട്ബാൾ ലോകകപ്പ് ഒരു വൻ സംഭവം ആക്കാനുള്ള തയ്യാറെടുപ്പിലാണ് റഷ്യ. ലോകത്തിന് ഒരിക്കലും മറക്കാനാവാത്ത ഒരു ലോകകപ്പ് സമ്മാനിക്കുകയാണ് അവരുടെ ലക്ഷ്യം.

ലോക പിൻഭാഗസുന്ദരിയായ സൂസി കോർട്ടസ്സിനെ ലോകകപ്പിന്റെ അമ്പാസഡറായി നിയമിച്ച് ഇതിന് അധികൃതർ തുടക്കംകുറിച്ചിരിക്കുകയാണ് എന്നാണ് ഇപ്പോൾ കേൾക്കുന്നത്. ഫുട്ബാൾ പിടിച്ചുനിൽക്കുന്ന സൂസിയുടെ നിരവധി ചിത്രങ്ങളും പുറത്തുവന്നിട്ടുണ്ട്. ലോകകപ്പുമായി ബന്ധപ്പെട്ട ഫോട്ടോഷൂട്ടിന്റെ ചിത്രങ്ങളാണ് ഇവയത്രേ.

2015ലാണ് ബ്രസീലിയൻ സുന്ദരി സൂസി പിൻഭാഗസുന്ദരിപ്പട്ടം സ്വന്തമാക്കിയത്. മോഡലിംഗിനൊപ്പം നിരവധി ടെലിവിഷൻ പരിപാടികളും ഇവർ അവതരിപ്പിക്കുന്നുണ്ട്.

ബാഴ്സലോണ ടീമിന്റെയും മെസിയുടെയും കടുത്ത ആരാധികയാണ് സൂസി. ചൂടൻ ചിത്രങ്ങൾ പോസ്റ്റുചെയ്യുന്നതിനാൽ ഇൻസ്റ്റഗ്രാമിൽ ഇവർക്ക് ആരാധകർ ഏറെയാണ്.

## sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | 7 | | | |
| 8 | 6 | | | 5 | | | | |
| 4 | 3 | 5 | | | 8 | | 1 | |
| | | | 6 | | | | | 3 |
| | 1 | 4 | | | | 5 | 8 | |
| 3 | | | | | 2 | | | |
| | 2 | | 9 | | | 6 | 5 | 8 |
| | | | | 3 | | | 2 | 7 |
| | | | 5 | | | | | |

ഒൻപതു കള്ളി കൾ ചേർന്ന ഓരോ ചെറു ചതുരത്തിലും ,അതുപോലെ മൂന്നു ചെറു ചതുരങ്ങൾ ചേർന്ന കളത്തിൽനെടുകയും കുറുകെയും ഒരക്കം ഒരിക്കൽമാത്രമേ ഉപയോഗിക്കാൻപാടുള്ളു. കള്ളികൾപൂരിപ്പിക്കുന്നത് ഇന്നരീതിയിൽ വേണമെന്ന ഒരുക്രമവും നിലവിലില്ല. ഇഷ്ടമുള്ള പ്രകാരം പൂരിപ്പിക്കാം

**കഴിഞ്ഞദിവസത്തെ ഉത്തരം**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | 5 | 1 | 9 | 2 | 3 | 4 | 8 | 7 |
| 7 | 9 | 4 | 6 | 1 | 8 | 3 | 2 | 5 |
| 8 | 3 | 2 | 5 | 7 | 4 | 1 | 6 | 9 |
| 4 | 8 | 9 | 7 | 3 | 5 | 2 | 1 | 6 |
| 1 | 7 | 3 | 2 | 6 | 9 | 8 | 5 | 4 |
| 2 | 6 | 5 | 8 | 4 | 1 | 9 | 7 | 3 |
| 5 | 2 | 8 | 3 | 9 | 6 | 7 | 4 | 1 |
| 9 | 1 | 6 | 4 | 8 | 7 | 5 | 3 | 2 |
| 3 | 4 | 7 | 1 | 5 | 2 | 6 | 9 | 8 |